**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1288** **12-02-2025 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ സൗജന്യമായി അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് എം.എൽ.എമാർ നടത്താറുള്ള പൊതുമരാമത്ത് വകുപ്പിന്റേതൊഴികെയുള്ള എല്ലാ റിവ്യൂ മീറ്റിംഗുകൾക്കും മറ്റ് ഔദ്യോഗിക യോഗങ്ങൾക്കും വാടക ഈടാക്കുന്നുണ്ടോ; സർക്കാർ വകുപ്പുകളുടെ പ്രവർത്തനവും മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതിയും വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ നടത്തുന്ന ഔദ്യോഗിക യോഗങ്ങൾക്ക് റസ്റ്റ് ഹൗസ് മീറ്റിംഗ് ഹാൾ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | **സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) No.40/2020/PWD തീയതി 19/03/2020 ഖണ്ഡിക 2.6 പ്രകാരം പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള സർക്കാർ വകുപ്പുകൾക്ക് കോൺഫറൻസ് ഹാൾ അനുവദിക്കുന്നതിന് ആ വകുപ്പിന്റെ ജില്ലാ ഓഫീസറുടെ അഭ്യർത്ഥന പ്രകാരം ഇതേ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്ന സാധാരണ വാടകയുടെ 40% ഇളവുള്ള നിരക്ക് മുൻകൂറായി ഈടാക്കേണ്ടതാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം നിലവിൽ കോൺഫറൻസ് ഹാളുകൾ, പൊതുമരാമത്ത് വിശ്രമകേന്ദ്രങ്ങളിൽ അനുവദിച്ചു വരുന്നു.**<br><br>**സർക്കാർ വകുപ്പുകളുടെ പ്രവർത്തനവും മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതിയും വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ നടത്തുന്ന ഔദ്യോഗിക യോഗങ്ങൾക്ക് റസ്റ്റ് ഹൗസ് മീറ്റിംഗ് ഹാൾ സൗജന്യമായി ലഭ്യമാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.** |
| (ബി) | ഔദ്യോഗിക യാത്രകളുടെ ഭാഗമായി കേരളത്തിലെ വിവിധ ഭാഗങ്ങളിലേക്ക് സാമാജികർക്കൊപ്പം യാത്ര ചെയ്യേണ്ടിവരുന്ന അഡീഷണൽ പി.എ/ ഡ്രൈവർമാർ എന്നിവർക്ക് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിൽ ഡി.എ. നിരക്കിൽ റൂം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സർക്കാർ ഉത്തരവ് നമ്പർ G.O.(P) No.58/2013/PWD തീയതി 17/07/2013 ഖണ്ഡിക 5.6 പ്രകാരം എല്ലാ സ്ഥിര സർക്കാർ ജീവനക്കാർക്കും ഔദ്യോഗിക യാത്രകൾക്ക് ഡി.എ നിരക്കിൽ മുറി അനുവദിച്ചു വരുന്നു.<br><br>ഔദ്യോഗിക യാത്രകളുടെ ഭാഗമായി കേരളത്തിലെ വിവിധ ഭാഗങ്ങളിലേക്ക് സാമാജികർക്കൊപ്പം യാത്ര ചെയ്യേണ്ടിവരുന്ന സ്ഥിര സർക്കാർ ജീവനക്കാർ അല്ലാത്ത അഡീഷണൽ പി.എ/ഡ്രൈവർമാർ എന്നിവർക്ക് ഡി.എ നിരക്കിൽ പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ